# സെന്റ് ജോസഫ്സ്

# എൽ. പി. സ്കൂൾ

ചെറിയകടവ്

## അക്കാദമിക

## മാസ്റ്റർ പ്ലാൻ

## 2025 - 2026

# ആമുഖം

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട തീരദേശ മേഖല പ്രദേശമാണ് ചെറിയകടവ്. മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള ഈ പ്രദേശത്തെ കുഞ്ഞുമക്കളുടെ വിദ്യാഭ്യാസപരമായ ഉയർച്ചയെ ലക്ഷ്യമാക്കികൊണ്ട് ഏതാണ്ട് 1890 ൽ ചെറിയകടവ് സെന്റ് ജോസഫ് ഇടവക പള്ളിയുടെ കീഴിൽ വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ഈ സ്കൂൾ സ്ഥാപിതമായി. ഒരുപാട് പ്രതിഭാസമ്പന്നരെ ഉയർത്തികൊണ്ടു വന്ന ഈ വിദ്യാലയത്തിൽ ആദ്യകാലഘട്ടങ്ങളിൽ ഓരോ ക്ലാസ്സും മൂന്നും നാലും ഡിവിഷനുകളായി പ്രവർത്തിച്ചിരുന്നു. എന്നാൽ ഇടക്കാലം കൊണ്ട് കുട്ടികളുടെ എണ്ണത്തിലുണ്ടായ ഗണ്യമായ കുറവ് ഡിവിഷനുകളുടെ എണ്ണത്തിൽ കുറവുവരാനും ഇപ്പോൾ അത് ഓരോ ഡിവിഷനുകളായി കുറയുകയും ചെയ്തു.

2025 - 2026 അധ്യയന വർഷത്തിൽ LKG മുതൽ 4-ാം ക്ലാസ്സുവരെ 54 കുട്ടികളാണ് ഇപ്പോൾ ഇവിടെ പഠിക്കുന്നത്. പ്രധാനാധ്യാപിക ഉൾപ്പെടെ 7 അധ്യാപകരും. കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യാൻ 1 പാചകത്തൊഴിലാളിയും ഉണ്ട്. ആകെ 6 ക്ലാസ്സ് മുറികളും, ഓഫീസ് മുറി

പാചകമുറി, സ്റ്റോർ റൂം, വിരുന്നുപുര ഉപകരണ മുറികളും പുതിയ പാചകപ്പുരയും ഇപ്പോൾ ഉണ്ട്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നി ഭാഷകളുടെ പഠന സൗകര്യവും വിദ്യാലയത്തിലുണ്ട്.

പഠനത്തോടൊപ്പം തന്നെ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവ പരിപോഷിപ്പിക്കാനായി ധാരാളം പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. ബാലജനസഖ്യം, വായനാക്കളരി, പത്രവായന, മലയാളം കഥ, കവിത, എഴുത്തും വായനയും, മധുരം മലയാളം, Hello English, എന്നി പ്രവർത്തനങ്ങൾ നടത്തി കുട്ടികളെ പുറംലോകമായി കൂടുതൽ അടുത്ത് പ്രവർത്തിക്കാനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകാൻ ശ്രമിക്കുന്നുണ്ട്. പഠനത്തിൽ താത്പര്യമുള്ള ഭൂരിഭാഗം കുട്ടികളും വിവിധ പരീക്ഷകളിലെല്ലാം മികച്ച പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. കഴിഞ്ഞ വർഷങ്ങളിലെ പോലെ തന്നെ കുട്ടികളെ എല്ലാ കലാ, കായിക, ശാസ്ത്ര-ഗണിത മേളകളിലും കലോത്സവങ്ങളിലും പങ്കെടുപ്പിച്ച് അവരുടെ കഴിവ് എല്ലാവരിലേക്കും എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിപ്പോരുന്നുണ്ട്. കഴിഞ്ഞ അധ്യയന വർഷത്തിൽ ഉപജില്ലാ കലോത്സവത്തിൽ A ഗ്രേഡും B ഗ്രേഡും കരസ്ഥമാക്കി. പ്രൈമറി കുട്ടികൾക്കായി നടത്തിയ മത്സരങ്ങളിലും അവർ മികച്ച അവതരണം നടത്തുകയും ഒന്നാം സ്ഥാനവും

കരസ്ഥമാക്കുകയുണ്ടായി.

ഓരോ ക്ലാസിലെയും കുട്ടികളുടെ അടിസ്ഥാന ശേഷി വികസനം ലക്ഷ്യം വെച്ചു കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് മലയാള വായന വർധിപ്പിക്കാനായി ഓരോ ക്ലാസിലെയും കുട്ടികളെയും പ്രത്യേകം ഗ്രൂപ്പുകളായി തിരിച്ച് പത്രവായന നടത്തുന്നുണ്ട്. ഇംഗ്ലീഷ് മെച്ചപ്പെടുത്താനായി Hello English ഉം ഇംഗ്ലീഷ് Grammar ക്ലാസ്സുകളും നടത്തി വരുന്നു. ഹിന്ദിക്ക് പ്രത്യേക ക്ലാസ്സുകളും നടത്തുന്നുണ്ട്.

## സ്കൂളിൽ ഇപ്പോൾ നിലവിലുള്ള അവസ്ഥകൾ

നല്ലൊരു പഠനാന്തരീക്ഷം സൃഷ്ടിക്കാനുള്ള അടച്ചുറപ്പുള്ള ക്ലാസ്സ്മുറികൾ, ബ്ലാക്ക് ബോർഡ്, ബെഞ്ച്, കസേര, സ്ക്രീനുകൾ എന്നിവയുടെ പരിമിതി.

ജൈവ വൈവിധ്യ പാർക്ക് സജ്ജമാക്കാനുള്ള ഭൗതികവും സാമ്പത്തികവുമായ പരിമിതി.

സ്കൂൾ കെട്ടിടത്തിന്റെ പ്രവേശന കവാടത്തിലുള്ള ആകർഷകത്വമില്ലായ്മ.

അടച്ചുറപ്പുള്ള വാതിലിന്റെയും ജനലുകളുടെയും പോരായ്മ.

മാതാപിതാക്കളുടെ ശ്രദ്ധക്കുറവും കുടുംബ പശ്ചാത്തലവും കാരണം പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ.

കുട്ടികളുടെ വിനോദസമയങ്ങൾ ആസ്വാദകരമാക്കാൻ ഒരു play Ground ന്റെയും

കളി ഉപകരണങ്ങളുടെയും അഭാവം.

- സ്മാർട്ട് ക്ലാസ്മുറിയുടെ ഉദ്ദേശ്യസാഫല്യകരണത്തിന് വേണ്ടിയുള്ള അടച്ചുറപ്പുള്ള സുരക്ഷിതമായ, സുരക്ഷിത വൈദ്യുത കണക്ഷനുള്ള ഒരു മുറിയുടെ അഭാവം.
- സ്മാർട്ട് ക്ലാസ്സ് മുറിയുടെ അഭാവം.

## പൊതു ലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സർവതോമുഖമാക്കാൻ ഉദ്ദേശിക്കുന്ന പൊതുവായ കാര്യങ്ങൾ സ്കൂൾ വികസന സമിതിയിൽ ചർച്ച ചെയ്ത് നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ.

1. ഓരോ ക്ലാസ്സിലും കുട്ടികൾ ആർജ്ജിക്കേണ്ടിവന്ന ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടികളുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.
2. എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക.
3. മികച്ച പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കുക.

പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും

ആകുന്നതിനാവശ്യമായ പഠനപ്രവർത്തനങ്ങൾ ഒരുക്കും.
പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും പ്രവേശനം
വിദ്യാലയത്തിൽ ഉറപ്പാക്കൽ.

കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും, കായികവുമായ
കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന,
ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ
നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

ഓരോ ടേമും പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട
അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച്
നൽകി PTA, MPTA, പൊതുയോഗം എന്നിവ വഴി രക്ഷ-
കർത്താക്കളെ ബോധ്യപ്പെടുത്തൽ.

ഓരോ ടേമിലും കുട്ടികളുടെ പഠനനിലവാരത്തിന്റെ
student growth analysis report തയ്യാറാക്കി
രക്ഷകർത്താക്കൾക്കു നൽകുക.

കുട്ടികളുടെ സ്വഭാവരൂപീകരണം ലക്ഷ്യമാക്കി കൊണ്ട്
അവരുടെ ഭവനങ്ങൾ സന്ദർശിച്ച് കുടുംബ പശ്ചാ-
ത്തലം മനസ്സിലാക്കി മാതാപിതാക്കളെ ബോധവത്-
കരിച്ച് ആവശ്യമായ പിന്തുണ നൽകി കൊണ്ട്
പഠനത്തിലും സ്വഭാവത്തിലുമുള്ള കുറവുകൾ
പരിഹരിക്കൽ.

ഭിന്നശേഷിക്കാരായ (CWSN) കുട്ടികളെ കലാപരവും
കായികപരവും അക്കാദമികവുമായ മേഖലകളിൽ
വികസനം ലക്ഷ്യമാക്കി കൊണ്ട് ഈ മേഖലകളിലൂടെ
കുട്ടികൾക്കാവശ്യമായ ഉപകരണങ്ങളും ആവശ്യമായ
ഭൗതിക സൗകര്യങ്ങളും ഒരുക്കുക.

# അക്കാദമിക പ്രവർത്തനങ്ങൾ

1. ഓരോ ടേമിലും കുട്ടികളുടെ പഠനനിലവാരം അധ്യാപകർക്കും രക്ഷകർത്താക്കൾക്കും വിലയിരുത്തി Student Growth Analysis Report തയ്യാറാക്കി CPTA, PTA മീറ്റിംഗുകളിൽ അവതരിപ്പിച്ചു. അതാത് സമയത്ത് യൂണിറ്റ് test നടത്തി അവ വിലയിരുത്തി നേടേണ്ട പഠന ശേഷികൾ കൈവരിച്ചോ, എന്നും നേടിയിട്ടില്ലെങ്കിൽ തുടർ പ്രവർത്തനങ്ങൾ നൽകി കുട്ടികളെ ആ ശേഷിയിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ.

2. കൊച്ചി MLA, പഞ്ചായത്ത് പ്രസിഡണ്ട്, വാർഡ് മെമ്പർ, പൂർവ്വകാല വിദ്യാർത്ഥികൾ, സമൂഹത്തിൽ സാമ്പത്തികമായി മുന്നോട്ട് നിൽക്കുന്നവർ എന്നിവരുടെ സഹായത്തോടെ വിദ്യാലയത്തിലേക്ക് വേണ്ട ഭൗതികവും സാമ്പത്തികവുമായ കാര്യങ്ങൾ കണ്ടെത്തുക.

# അക്കാദമിക പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ

## മലയാളം.

**അക്ഷരങ്ങളും അടയാളങ്ങളും ഉറപ്പിക്കൽ**

ചിത്രങ്ങളിലൂടെ മലയാളം അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. തുടർന്ന് അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് പുതിയ വാക്കുകൾ നിർമ്മിക്കുന്നു.

**വായന, ലേഖനം മെച്ചപ്പെടുത്തൽ**

സാഹിത്യാഭിരുചി വളർത്തുവാനായി കഥ, കവിത, ലേഖനങ്ങൾ എന്നിവ വായിക്കാനുള്ള സന്ദർഭങ്ങൾ ഒരുക്കി കൊടുത്ത് കുട്ടികളുടെ വായന മെച്ചപ്പെടുത്തുന്നു.

**പത്ര വായന**

കുട്ടികളെ 2 പേർ അടങ്ങുന്ന ഒരു ഗ്രൂപ്പ് ആക്കി പരസ്പരം പത്രം വായിക്കാനുള്ള അവസരം നൽകുന്നു.

**കുറിപ്പെഴുത്തുകൾ**

കുട്ടികളെ കൊണ്ട് ചെറിയ കവിതകൾ, കഥകൾ എന്നിവ എഴുതിപ്പിച്ച് അവ ക്ലാസ്മുറിയിലും തന്റെ സഹപാഠികൾക്കും, അധ്യാപകർക്കും മുമ്പിൽ പ്രകാശിപ്പിക്കാം.

**വായനാകാർഡ്, അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡുകൾ**

വായനമെച്ചപ്പെടുത്താനും അക്ഷരത്തിലൂടെ

പുതിയ വാക്കുകൾ നിർമ്മിച്ച് വാക്കുകൾ കൊണ്ട് വാക്യങ്ങൾ എഴുതാൻ കുട്ടിയെ പ്രാപ്തരാക്കുന്നു.

## സംയുക്ത ഡയറി

കുട്ടികൾ അവരുടെ ദൈനംദിന ജീവിതത്തിൽ നടന്ന നല്ലതും, ദുഃഖമുള്ളതുമായ കാര്യങ്ങൾ ഡയറിയിൽ രേഖപ്പെടുത്തുന്നു. ടീച്ചർ അത് തിരുത്തി പ്രദർശിപ്പിക്കുന്നു.

## മധുരം മലയാളം

ലൈബ്രറി പുസ്തകങ്ങൾ വായിച്ച് അവ ചിത്ര രൂപത്തിലും അവ കഥാരൂപത്തിലും അഭിനയിച്ച് കാണിക്കുകയും തങ്ങൾ വായിച്ച പുസ്തകങ്ങൾ മറ്റ് കുട്ടികൾക്ക് പങ്കുവച്ച് അവരുടെ അറിവുകൾ മെച്ചപ്പെടുത്തുന്നു.

## പോർട്ട് ഫോളിയോ പ്രദർശിപ്പിക്കൽ

വിവിധ വിഷയങ്ങളിൽ കുട്ടികൾ തയ്യാറാക്കിയ പതിപ്പുകൾ, ലേഖനങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.

## ടാലന്റ് ലാബ്

സാഹിത്യത്തിലും, കലയിലും കുട്ടികളുടെ പ്രാവീണ്യം മികവിലാക്കി അത് വളർത്താനാവശ്യമായ പരിശീലനം നൽകൽ.

# ഇംഗ്ലീഷ്

1. Communicative English

English നന്നായി പഠിക്കുവാനും പറയുവാനുമായി പ്രത്യേക പരിശീലനം നൽകുകയും അവരെ പരസ്പരം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.

2. വായന, ലേഖനം, എന്നിവ മെച്ചപ്പെടുത്തൽ

പാഠപുസ്തകങ്ങൾ, കഥാപുസ്തകങ്ങൾ എന്നിവ വഴി കുട്ടികളുടെ വായനയും അവർക്ക് മനസ്സിലായ കാര്യങ്ങൾ എഴുതുക വഴി ലേഖനവും മെച്ചപ്പെടുത്തുന്നു.

3. ഇംഗ്ലീഷ് പസ്സിലുകൾ

വിവിധ പസ്സിലുകൾ വഴി ഇംഗ്ലീഷ് അക്ഷരങ്ങൾ ഉപയോഗിച്ച് പുതിയ words രൂപീകരിക്കുന്നു.

4. പോർട്ട് ഫോളിയോ പ്രദർശനം

5. ലൈബ്രറി പുസ്തക വിതരണം

# ഗണിതം

1. ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

വിവിധ പഠനോപകരണങ്ങൾ ഉപയോഗിച്ച് കൊണ്ട് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ കുട്ടികളെ പഠിപ്പിക്കുന്നു.

2. ഗണിത വിജയം പ്രോജക്ട്

ആഴ്ചയിൽ 2 പീരിഡ് ഗണിത ക്ലബ്ബ് കൂടി ഗണിത ക്വിസ്, ചോദ്യോത്തര പയറ്റ്, ഗണിത കളികൾ

പുതിയ വാക്കുകൾ നിർമ്മിച്ച് വാക്യങ്ങൾ ഉണ്ടാ
വാക്യങ്ങൾ പറയുവാൻ കുട്ടിയെ പ്രാപ്തരാക്കു

6. <u>സ്വകാര്യ ഡയറി</u>

കുട്ടികൾ അവരുടെ ദൈനംദിന ജീവിതത്തിൽ നടന്ന നല്ലതും, ദുഃഖമുള്ളതുമായ കാര്യങ്ങൾ ഡയറിയിൽ രേഖപ്പെടുത്തുന്നു. ടീച്ചർ അത് നിത്യം പരിശോധിക്കുന്നു.

7. <u>മധുര മലയാളം</u>

ലൈബ്രറി പുസ്തകങ്ങൾ വായിച്ച് അവ ചിത്ര രൂപത്തിലും അവ കഥാരൂപത്തിലും അഭിനയിച്ച് കാണിക്കുകയും തങ്ങൾ വായിച്ച പുസ്തകങ്ങൾ മറ്റു കുട്ടികൾക്ക് പങ്കുവെച്ച് അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നു.

8. <u>പോർട്ട് ഫോളിയോ പ്രദർശിപ്പിക്കൽ</u>

വിവിധ വിഷയങ്ങളിൽ കുട്ടികൾ തയ്യാറാക്കിയ പതിപ്പുകൾ, ലേഖനങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.

9. <u>ടാലന്റ് ലാബ്</u>

സാഹിത്യത്തിലും കലയിലും കുട്ടികളുടെ പ്രാവീണ്യം മനസ്സിലാക്കി അത് വളർത്താനാ വിശ്വമായ പരിശീലനം നൽകൽ.

പസിൽസ് എന്നിവ നടത്തി ഗണിതത്തിൽ താൽപര്യം ജനിപ്പിക്കണം.

കൂടുതൽ പഠന സാമഗ്രികൾ ഉപയോഗിച്ച് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഗണിതം സരളമാക്കണം.

ഗണിത പസിലുകൾ ഒരുക്കൽ

പോർട്ട് ഫോളിയോ പ്രദർശനം

## പരിസര പഠനം

1. പ്രകൃതി നടത്തം

ഒരു ചെടിയുടെ വളർച്ച, ആവാസവ്യവസ്ഥ എന്നിവയെക്കുറിച്ച് പഠിക്കുവാനായി കുട്ടികൾ പ്രകൃതിയിൽ നിന്നും തന്നെ എല്ലാം കണ്ടും മനസ്സിലാക്കിയും പഠിക്കുവാനുള്ള അവസരം നൽകൽ.

2. ജൈവവൈവിധ്യ പാർക്ക്

വിവിധ തരം സസ്യങ്ങളെ കണ്ടറിഞ്ഞ് ജല സ്രോതസ്സുകൾ, ജല ജീവികൾ, സഞ്ചാരരീതി, അവയുടെ ജീവിത രീതി എന്നിവ മനസ്സിലാക്കുന്നതിന് ജൈവ വൈവിധ്യ പാർക്ക് സഹായിക്കുന്നു.

3. സ്മാർട്ട് ക്ലാസ് റൂം

ICT സാധ്യത പ്രയോജനപ്പെടുത്തി കൊണ്ട് കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്താൻ സ്മാർട്ട് ക്ലാസ് റൂം സഹായിക്കുന്നു.

4. ടേം മൂല്യനിർണ്ണയം

CPTA വഴി രക്ഷകർത്താക്കളെ ബോധവത്കരിക്കുക.

5. പ്രകൃതി നടത്തം

പ്രകൃതിയെക്കുറിച്ച് പഠിക്കാനും ഓരോ മരങ്ങളെ വൃക്ഷങ്ങളും മറ്റും മനസ്സിലാക്കാനും പ്രകൃതി നടത്തം കുട്ടികളെ സഹായിക്കുന്നു.

ശാസ്ത്ര ക്ലബ്ബുകൾ

ആഴ്ചയിൽ 2 പിരീഡ് വീതം വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ക്ലബ്ബുകൾ സംഘടിപ്പിച്ച് ക്വിസ്, വിഷയാടിസ്ഥാന പരിശീലനങ്ങൾ സംഘടിപ്പിക്കൽ, നിർമ്മിതികൾ, രചനകൾ എന്നിവ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കൽ.

## മധുർ ഹിന്ദി പ്രോജക്ട്

ദേശീയ ഭാഷ പരിചയപ്പെടുത്തുന്നതിനും അറിവ് നേടുന്നതിനുമായി ആഴ്ചയിൽ 2 പീരിയഡുകളിലായി LKG മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഹിന്ദി പരിശീലനം.

## ആരോഗ്യ - കായിക പരിശീലനം

* കായിക മേഖലകളിൽ പ്രാവീണ്യമുള്ള രക്ഷകർത്താക്കളെ കണ്ടെത്തി വിവിധ മത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് പരിശീലനം നൽകൽ.
* ആഴ്ചയിലുള്ള PT പിരിയഡുകൾ വഴി ചെസ്സ്, ക്യാരംബോർഡ്, ഷട്ടിൽ എന്നി കളികൾക്ക് പ്രത്യേക പരിശീലനം.

## കലാ പ്രവൃത്തി വിദ്യാഭ്യാസം

കുട്ടികളുടെ കഴിവുകൾ മനസ്സിലാക്കി കലാപ്രവൃത്തി വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം നൽകൽ.

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | സാമ്പത്തിക സ്രോതസ്സുകൾ | ചുമതല | പൂർത്തിയാക്കപ്പെടുന്ന കാലയളവ് | ഉദ്ദേശിക്കുന്ന തുക. |
| --- | --- | --- | --- | --- | --- |
| 1. | ജൈവ വൈവിധ്യ പാർക്ക് | പഞ്ചായത്ത് പ്രതിനിധികൾ | PTA | ജൂൺ - ജൂലൈ | 25000/- |
| 2. | സ്മാർട്ട് ക്ലാസ് റൂം | പൂർവ്വവിദ്യാർത്ഥികൾ മാനേജർ ജനപ്രതിനിധികൾ | PTA, അധ്യാപകർ | 2 വർഷം | 2,50000/- |
| 3. | സ്കൂൾ കെട്ടിടം ന്യൂനതകൾ പരിഹരിക്കൽ | PTA, മാനേജർ, SSG | PTA, അധ്യാപകർ | ഏപ്രിൽ - മെയ് | 30,000/- |
| 4. | സ്റ്റുഡന്റ്സ് ഡേറ്റാ അനാലിസിസ് | | അധ്യാപകർ | 1 വർഷം | |
| 5. | വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിക്കൽ | അധ്യാപകർ | അധ്യാപകർ | [illegible] | |
| 6. | പാർക്ക് | EY Company | PTA, അധ്യാപകർ | 2 വർഷം | 1,50,000/- |

| | | | | |
|---|---|---|---|---|
| 7. | പഠന വിതരണം | child help foundation | അധ്യാപകർ | ദീർഘകാലം |
| 8. | ടാലന്റ് ലാബ് | | അധ്യാപകർ | ദീർഘകാലം |
| 9. | കായിക പരിശീലന ക്ലാസ്സുകൾ | PTA, അധ്യാപകർ ജനപ്രതിനിധികൾ | അധ്യാപകർ | ദീർഘകാലം |
| 10. | വിദ്യാരംഗം കലാ സാഹിത്യ വേദി | | അധ്യാപകർ | ദീർഘകാലം |
| 11. | പഠനോപകരണങ്ങൾ ലഭ്യമാക്കൽ | child help foundation ജനപ്രതിനിധികൾ | അധ്യാപകർ, PTA | മെയ് - ജൂലൈ |
| 12. | പോസ്റ്റ് [illegible] പ്രദർശനം | | അധ്യാപകർ | ദീർഘകാലം |
| 13. | Hello English | | അധ്യാപകർ | ദീർഘകാലം |
| 14. | ഗണിത വിജയം | | അധ്യാപകർ | ജൂൺ - ഡിസംബർ |
| 15. | മയൂർ ഹിന്ദി പ്രോജക്ട് | | അധ്യാപകർ | ദീർഘകാലം |